**<u>15 -ാം കേരള നിയമസഭ</u>**

**<u>11 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4412</u>** **<u>01-07-2024 - ൽ മറുപടിയ്ക്ക്</u>**

**<u>ക്ലസ്റ്റർ വികസന പരിപാടി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. ഐ. ബി. സതീഷ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സമാന മേഖലകളിലെ വ്യവസായ സ്ഥാപനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായി നടപ്പാക്കുന്ന ക്ലസ്റ്റർ വികസന പരിപാടിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സൂക്ഷ്മ ചെറുകിട വ്യവസായ മേഖലയിലെ സംരംഭങ്ങൾക്ക് കുറഞ്ഞ ചിലവിൽ ഗുണമേന്മയുള്ള ഉത്പന്നങ്ങൾ നിർമിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി അത്തരം വ്യവസായ ക്ലസ്റ്ററുകളിൽ കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിനായി കേന്ദ്ര എംഎസ്എംഇ മന്ത്രാലയത്തിന്റെ എം.എസ്.ഇ.-സി.ഡി.പി പദ്ധതിയുടെ കേരളത്തിലെ ഇംപ്ലിമെന്ററിംഗ് ഏജൻസിയായ കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ.ബിപ്പ്) കേരളത്തിൽ നടപ്പിലാക്കി വരുന്നു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റേയും ജില്ലാ വ്യവസായ കേന്ദ്രങ്ങളുടേയും വ്യവസായ ക്ലസ്റ്റർ യൂണിറ്റുകളുടെയും സഹകരണത്തോട് കൂടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്.<br><br>കേന്ദ്ര സർക്കാരിന്റെ എം.എസ്.ഇ - സി.ഡി.പി. പദ്ധതി പ്രകാരം സംസ്ഥാനത്ത് നാളിതുവരെ 16 ക്ലസ്റ്ററുകളിൽ കോമൺ ഫെസിലിറ്റി സെന്റർ (പൊതു സൗകര്യ കേന്ദ്രങ്ങൾ) സ്ഥാപിക്കുവാൻ കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട് . ഇതിൽ 45,522.7 ലക്ഷം രൂപയുടെ 12 പദ്ധതികൾ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ബാക്കി 4,99,730 ലക്ഷം രൂപയുടെ 4 പദ്ധതികൾ പദ്ധതി നടപ്പിലാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്. |
| (ബി) | ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിന്റെ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | (ബി) | സൂക്ഷ്മ ചെറുകിട വ്യവസായ മേഖലയിലെ സംരംഭങ്ങൾക്ക് കുറഞ്ഞ ചിലവിൽ ഗുണമേന്മയുള്ള ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി അത്തരം വ്യവസായ ക്ലസ്റ്ററുകളിൽ കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിനായി കേന്ദ്ര എംഎസ്എംഇ മന്ത്രാലയത്തിന്റെ എം.എസ്.ഇ. - സി.ഡി.പി. പദ്ധതിയുടെ കേരളത്തിലെ ഇംപ്ലിമെന്ററിംഗ് ഏജൻസിയായ കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെബിപ്പ്) കേരളത്തിൽ നടപ്പിലാക്കി വരുന്നു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റേയും ജില്ലാ വ്യവസായ കേന്ദ്രങ്ങളുടേയും വ്യവസായ ക്ലസ്റ്റർ യൂണിറ്റുകളുടെയും സഹകരണത്തോട് കൂടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്.<br><br>കേന്ദ്ര സർക്കാരിന്റെ സൂക്ഷ്മ ചെറുകിട ഇടത്തരം മന്ത്രാലയം പ്രസിദ്ധീകരിച്ച ഏറ്റവും പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളുടെ ക്ലസ്റ്ററുകളിൽ കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള (സി.എഫ്.സി) പദ്ധതി വിഹിതം ചുവടെ സൂചിപ്പിച്ചിരിക്കുന്നു |

| ഘടക ങ്ങൾ | മൊത്തം പദ്ധതി ചെലവ് | പദ്ധതി വിഹിതം | | |
|---|---|---|---|---|
| | | കേന്ദ്ര സർക്കാർ | സംസ്ഥാന സർക്കാർ | കൺസോർഷ്യം (എസ്. പി. വി.) |

| | | | | |
|---|---|---|---|---|
| കോമൺ ഫെസിലിറ്റി സെന്റർ | 5 കോടി മുതൽ 10 കോടി വരെ | 70% | 20% | 10% |
| | 10 കോടി മുതൽ 30 കോടി വരെ | 60% | 20% | 20% |

ക്ലസ്റ്ററിലെ ആകെ യൂണിറ്റുകളുടെ 50% ൽ കൂടുതൽ മൈക്രോ യൂണിറ്റുകളോ വനിതാ സംരംഭകരുടെ യൂണിറ്റുകളോ പട്ടികജാതി/ പട്ടികവർഗ വിഭാഗക്കാരുടെ യൂണിറ്റുകളോ ആയാൽ ലഭ്യമാകുന്ന സാമ്പത്തിക സഹായത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഘടക ങ്ങൾ | മൊത്തം പദ്ധതി ചെലവ് | പദ്ധതി വിഹിതം | | |
|---|---|---|---|---|
| | | കേന്ദ്ര സർക്കാർ | സംസ്ഥാന സർക്കാർ | കൺസോർഷ്യം (എസ്. പി. വി.) |
| കോമൺ ഫെസിലിറ്റി സെന്റർ | 5 കോടി മുതൽ 10 കോടി വരെ | 80% | 15% | 5% |
| | 10 കോടി മുതൽ 30 കോടി വരെ | 70% | 15% | 15% |

കേന്ദ്ര സർക്കാരിന്റെ എം.എസ്.ഇ-സി.ഡി.പി. പദ്ധതി പ്രകാരം സംസ്ഥാനത്ത് നാളിതുവരെ 16 ക്ലസ്റ്ററുകളിൽ കോമൺ ഫെസിലിറ്റി സെന്റർ (പൊതു സൗകര്യ കേന്ദ്രങ്ങൾ) സ്ഥാപിക്കുവാൻ കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ 7,522.45 ലക്ഷം രൂപയുടെ 12 പദ്ധതികൾ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ബാക്കി 4,997.30 ലക്ഷം രൂപയുടെ 4 പദ്ധതികൾ പദ്ധതി നടപ്പിലാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്

(സി) ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിന് മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഒരു ക്ലസ്റ്റർ എന്നാൽ തിരിച്ചറിയാവുന്നതും ഒരു നിശ്ചിത അകലത്തിൽ ഒരു പ്രദേശത്ത് (ഒരു പരിധി വരെ) സ്ഥിതി ചെയ്യുന്ന ഒരു കൂട്ടം സംരംഭങ്ങളാണ്. ഭൂമി ശാസ്ത്ര പരമായ പ്രദേശത്തിനപ്പുറത്തേക്ക് പോയി ലിങ്ക് ചെയ്യാവുന്ന സമാന ഉൽപ്പന്നങ്ങൾ/ അനുബന്ധ ഉൽപ്പന്നങ്ങൾ/ സേവനങ്ങൾ നിർമ്മിക്കുന്ന സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭങ്ങളുടെ ശൃംഖലയെയും ക്ലസ്റ്ററുകളായി പരിഗണിക്കാറുണ്ട്. പൊതുവായ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ ഉപയുകതമാക്കി സമാനമായ ഉത്പന്നങ്ങൾ നിർമിക്കുന്നതിന് ഒരു ക്ലസ്റ്ററിലെ വ്യവസായ യൂണിറ്റുകൾക്ക് സാധിക്കുന്നതാണ്. ഇപ്രകാരം ക്ലസ്റ്ററുകൾ രൂപീകരിച്ച് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലൂടെ കൂടുതൽ ഗുണ നിലവാരമുള്ള ഉത്പന്നങ്ങൾ കുറഞ്ഞ ഉത്പാദന ചിലവിൽ നിർമിക്കുന്നതിനും ആ ഉത്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിനും ക്ലസ്റ്ററിലെ അംഗങ്ങളായ വ്യവസായ യൂണിറ്റുകൾക്ക് സാധിക്കുന്നതാണ്.

ഒരു ക്ലസ്റ്ററിൽ ഉൾപ്പെടുത്താവുന്ന വ്യവസായ യൂണിറ്റുകളെ തിരഞ്ഞെടുക്കുന്നതിനായി പൊതുവെ സ്വീകരിച്ചു പോരുന്ന മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. ഉൽപ്പാദനം, ഗുണ നിലവാര നിയന്ത്രണം & പരിശോധന, ഊർജ്ജ ഉപഭോഗം, മലിനീകരണ നിയന്ത്രണം മുതലായവയിലെ സമാനത
2. സാങ്കേതിക വിദ്യയുടെയും വിപണനതന്ത്രങ്ങളുടെയും സമാനനിലവാരം / രീതികൾ
3. ക്ലസ്റ്ററിലെ അംഗങ്ങൾക്കിടയിൽ ആശയവിനി മയത്തിനുള്ള സമാന ചാനലുകൾ
4. പൊതുവിപണി& വൈദഗ്ധ്യ ആവശ്യകതകൾ

| | | | |
|---|---|---|---|
| | | | 5. ക്ലസ്റ്റർ അഭിമുഖീകരിക്കുന്ന പൊതുവായ വെല്ലുവിളികളും അവസരങ്ങളും.<br><br>സമാന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് ഉത്പാദന പ്രക്രിയയിൽ ഏർപ്പെടുന്ന യൂണിറ്റുകളെ കണ്ടെത്തുകയും അവയെ സംയോജിപ്പിച്ച് അവർക്ക് ആവശ്യമായ പൊതു സൗകര്യങ്ങൾ ഒരുക്കുന്നതിനും അതത് ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേനയാണ് ക്ലസ്റ്ററുകൾ കണ്ടെത്തുന്നത്. ഇത്തരത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന യൂണിറ്റുകൾ സംയുക്തമായി കമ്പനീസ് ആക്ട് പ്രകാരം പുതിയ കമ്പനികൾ രൂപീകരിച്ചാണ് പൊതുവായ ഉത്പാദന പ്രക്രിയകൾക്കാവശ്യമായ കോമൺ ഫെസിലിറ്റി സെന്ററുകൾ പോലുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാകുന്നത്. |
| (ഡി) | ഏതൊക്കെ മേഖലകളിൽ ക്ലസ്റ്ററുകൾ രൂപീകരിക്കുവാൻ സാധിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | (ഡി) | വുഡ്പ്രോസസ്സിംഗ് (ഫർണിച്ചർ) മേഖല, റബ്ബർ, പ്ലാസ്റ്റിക്, പ്ലൈവുഡ്, ടൈൽ, പ്രിന്റിങ്, സ്റ്റീൽ, ജനറൽ എൻജിനീയറിംഗ്, ഭക്ഷ്യസംസ്കരണം (റൈസ്, പപ്പടം) എന്നീ മേഖലകളിൽ ക്ലസ്റ്ററുകൾ രൂപീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ